TELEPHONE: 0471-2328158
MOBILE : 8281000127

www.sec.kerala.gov.in

Email:
pro2025sec@gmail.com
cru.sec@kerala.gov.in
electionker@gmail.com

LEAP KERALA
വോട്ടിനായി പേര് ചേർത്തിടാം
നാടിനായി വോട്ട് ചെയ്തിടാം

# വാർത്താക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

01 September 2026

## 38 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് സെപ്റ്റംബർ 28ന് : വിജ്ഞാപനം വ്യാഴാഴ്ച പുറപ്പെടുവിക്കും

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ കല്ലറ വാർഡ് ഉൾപ്പെടെ സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിൽ സെപ്റ്റംബർ 28ന് ഉപതിരഞ്ഞെടുപ്പ് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എൻ. ശേഷാദ്രിനാഥൻ അറിയിച്ചു. വിജ്ഞാപനം സെപ്റ്റംബർ മൂന്നിന് പുറപ്പെടുവിക്കും.

നാമനിർദ്ദേശ പത്രിക സെപ്റ്റംബർ മൂന്ന മുതൽ 10 വരെ സമർപ്പിക്കാം. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന സെപ്റ്റംബർ 11 ന് നടത്തും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 14 ആണ്. 28-ന് രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് മണിവരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ സെപ്റ്റംബർ 29ന് രാവിലെ 10 മണിക്ക് ആരംഭിക്കും.

മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് (സെപ്റ്റംബർ 1) മുതൽ പ്രാബല്യത്തിൽ വന്നു. ഉപതിരഞ്ഞെടുപ്പുള്ള ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും പെരുമാറ്റച്ചട്ടം ബാധകമാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ ആ പഞ്ചായത്ത് പ്രദേശം മുഴുവനും മുനിസിപ്പാലിറ്റികളിൽ അതത് വാർഡുകളിലുമാണ് പെരുമാറ്റച്ചട്ടം ബാധകമാകുന്നത്.

ആഗസ്റ്റ് 19ന് പ്രസിദ്ധീകരിച്ച പുതുക്കിയ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് ഉപതിരഞ്ഞെടുപ്പ്. പട്ടിക അതത് തദ്ദേശസ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും (sec.kerala.gov.in) ലഭ്യമാണ്.

മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിലും ജില്ലാ പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലും മത്സരിക്കുന്നതിന് 5000 രൂപയും മുനിസിപ്പാലിറ്റി വാർഡുകളിലും ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലും മത്സരിക്കുന്നതിന് 4000 രൂപയും ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് 2000 രൂപയും സ്ഥാനാർത്ഥികൾ നിക്ഷേപ തുകയായി കെട്ടിവയ്ക്കണം. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഈ തുകയുടെ പകുതി മതി. മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിലും ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും 1,50,000 രൂപയും, ബ്ലോക്ക് പഞ്ചായത്ത്

നിയോജകമണ്ഡലങ്ങളിലും മുനിസിപ്പാലിറ്റി വാർഡുകളിലും 75,000 രൂപയും ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 25,000 രൂപയുമാണ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവ് പരിധി.

തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള അവസാന തീയതി ഒക്ടോബർ ഒന്നാണ്. തിരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച കണക്ക് ഒക്ടോബർ 29-നകം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് സമർപ്പിക്കണം.

കൊല്ലം, ആലപ്പുഴ ഒഴികെ 12 ജില്ലകളിലെ രണ്ട് കോർപ്പറേഷൻ വാർഡുകൾ (എറണാകുളം, കോഴിക്കോട്), മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ (തൃശ്ശൂർ, പാലക്കാട്, കണ്ണൂർ), മൂന്ന് ജില്ലാ പഞ്ചായത്ത് വാർഡുകൾ (തിരുവനന്തപുരം, കോട്ടയം, പാലക്കാട്), ഏഴ് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലേക്കാണ് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത്.

ജില്ല, തദ്ദേശസ്ഥാപനം, വാർഡിന്റെ നമ്പർ, പേര് എന്നിവ ക്രമത്തിൽ ചുവടെ:

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും |
|---|---|---|---|
| 1. | തിരുവനന്തപുരം | ബി 10 ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 14 അഞ്ചുതെങ്ങ് |
| 2. | തിരുവനന്തപുരം | ബി 11 വർക്കല ബ്ലോക്ക് പഞ്ചായത്ത് | 07 ഒറ്റൂർ |
| 3. | തിരുവനന്തപുരം | ജി 29 മംഗലപുരം ഗ്രാമ പഞ്ചായത്ത് | 16 മുണ്ടക്കൽ |
| 4. | തിരുവനന്തപുരം | ജി 05 തിരുപുറം ഗ്രാമ പഞ്ചായത്ത് | 05 പഴയകട |
| 5. | തിരുവനന്തപുരം | ഡി 01 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 04 കല്ലറ |
| 6. | പത്തനംതിട്ട | ജി 09 കുറ്റൂർ ഗ്രാമ പഞ്ചായത്ത് | 08 ഓതറ |
| 7. | പത്തനംതിട്ട | ജി 06 കുന്നന്താനം ഗ്രാമ പഞ്ചായത്ത് | 02 വള്ളോക്കുന്ന് |
| 8. | പത്തനംതിട്ട | ജി 36 അരുവാപ്പുലം ഗ്രാമ പഞ്ചായത്ത് | 06 കല്ലേലി |
| 9. | പത്തനംതിട്ട | ജി 27 റാന്നി ഗ്രാമ പഞ്ചായത്ത് | 14 ബ്ലോക്ക് പടി |
| 10. | കോട്ടയം | ജി 50 മീനടം ഗ്രാമ പഞ്ചായത്ത് | 01 ചീരംകുളം |
| 11. | കോട്ടയം | ഡി 05 കോട്ടയം ജില്ലാ പഞ്ചായത്ത് | 17 തൃക്കൊടിത്താനം |
| 12. | കോട്ടയം | ജി 46 പാമ്പാടി ഗ്രാമപഞ്ചായത്ത് | 10 കുമ്പന്താനം |
| 13. | ഇടുക്കി | ജി 43 മുട്ടം | 09 തുടങ്ങനാട് |

| | | | |
|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | |
| 14. | എറണാകുളം | ജി 04 വടക്കേക്കര ഗ്രാമ പഞ്ചായത്ത് | 09 മടപ്ലാതുരുത്ത് കിഴക്ക് |
| 15. | എറണാകുളം | ജി 48 പൂത്തൃക്ക ഗ്രാമ പഞ്ചായത്ത് | 08 കോലഞ്ചേരി ഈസ്റ്റ് |
| 16. | എറണാകുളം | ജി 73 പാറക്കടവ് ഗ്രാമ പഞ്ചായത്ത് | 04 പുളിയനം തെക്ക് |
| 17. | എറണാകുളം | സി 03 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 19 അയ്യപ്പൻകാവ് |
| 18. | തൃശ്ശൂർ | ബി 78 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | 13 തളി |
| 19. | തൃശ്ശൂർ | ബി 89 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് | 01 എടത്തിരിഞ്ഞി |
| 20. | തൃശ്ശൂർ | ജി 43 തളിക്കുളം ഗ്രാമ പഞ്ചായത്ത് | 13 ആര്യംപാടം |
| 21. | തൃശ്ശൂർ | ജി 21 ചേലക്കര ഗ്രാമ പഞ്ചായത്ത് | 16 കുറുമല കിഴക്കുമുറി |
| 22. | തൃശ്ശൂർ | എം 32 ചാലക്കുടി മുനിസിപ്പാലിറ്റി | 24 മുനിസിപ്പൽ ഓഫീസ് |
| 23. | പാലക്കാട് | ജി 70 പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 09 പറക്കാട്ടുചള്ള |
| 24. | പാലക്കാട് | ഡി 09 പാലക്കാട് ജില്ലാ പഞ്ചായത്ത് | 17 പല്ലശ്ശന |
| 25. | പാലക്കാട് | എം 41 ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി | 24 പരുത്തിക്കാവ് |
| 26. | പാലക്കാട് | ബി 103 മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 14 ഹേമാംബിക നഗർ |
| 27. | പാലക്കാട് | ബി 104 ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 02 അത്തിപ്പൊറ്റ |
| 28. | പാലക്കാട് | ജി 33 കരിമ്പ ഗ്രാമ പഞ്ചായത്ത് | 13 വെട്ടം |
| 29. | പാലക്കാട് | ജി 27 ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | 13 രാഗംകോർണർ |
| 30. | മലപ്പുറം | ജി 75 വേങ്ങര ഗ്രാമ പഞ്ചായത്ത് | 03 പൂങ്കുടായ |
| 31. | മലപ്പുറം | ജി 56 മങ്കട ഗ്രാമ പഞ്ചായത്ത് | 04 കടന്നമണ്ണ |
| 32. | മലപ്പുറം | ജി 95 കാലടി ഗ്രാമ പഞ്ചായത്ത് | 12 വെറൂർ |
| 33. | മലപ്പുറം | ജി 69 താനാളൂർ ഗ്രാമ പഞ്ചായത്ത് | 01 മൂലക്കൽ |
| 34. | കോഴിക്കോട് | സി 05 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 59 കുറ്റിച്ചിറ |
| 35. | കണ്ണൂർ | ജി 47 പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 06 ബാവോഡ് ഈസ്റ്റ് |
| 36. | കണ്ണൂർ | എം 57 മട്ടന്നൂർ മുനിസിപ്പാലിറ്റി | 17 ഉരുവച്ചാൽ |

| | | | |
|---|---|---|---|
| 37. | വയനാട് | ബി 132 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | 08 പള്ളിക്കൽ |
| 38. | കാസർഗോഡ് | ജി 37 പിലിക്കോട് ഗ്രാമ പഞ്ചായത്ത് | 02 പിലിക്കോട് |

(എസ്.ഇ.സി 10/2026)